സർവ്വേ

ആരോഗ്യസൂചകങ്ങളിൽ (ആയുർദൈർഘ്യം, ശിശുമരണനിരക്ക് തുടങ്ങിയവയിൽ) ഒന്നാം ലോകത്തിനോടൊപ്പം നിൽക്കുന്നുവെന്നു പറയുന്ന കേരളീയരുടെ ആരോഗ്യ-ചികിത്സാവീക്ഷണങ്ങൾ അറിയേണ്ടതുണ്ടല്ലോ. നമ്മുടെ ആരോഗ്യരംഗം ഗുരുതരമായ ഒട്ടേറെ പ്രതിസന്ധികളെ നേരിടുന്നുവെന്ന് വിദഗ്ധരും ഭരണകർത്താക്കളും എന്നുവേണ്ട സാധാരണ മനുഷ്യർ പോലും വിശ്വസിക്കുന്ന ഇന്നത്തെ കാലത്ത് നമ്മുടെ അടിസ്ഥാന സമീപനങ്ങളിൽ തന്നെ എന്തെങ്കിലും പ്രശ്നങ്ങളുണ്ടോയെന്നും വിലയിരുത്തേണ്ടതുണ്ട്.

ഇതിനെല്ലാം വേണ്ടിയാണ് കേരളീയം ആരോഗ്യപ്പതിപ്പിനു വേണ്ടി കേരളത്തിന്റെ വിവിധ പ്രദേശങ്ങളിലുള്ളവരും പ്രായം, തൊഴിൽ തുടങ്ങിയവയിൽ വ്യത്യസ്തതയുള്ളവരുമായ ഇരുനൂറു പേരെ പങ്കെടുപ്പിച്ച് ഒരു സർവ്വേ നടത്തിയത്.



# നല്ലതല്ലെങ്കിലും ചികിത്സ അലോപ്പതി തന്നെ

ആരോഗ്യ സുരക്ഷയുടെ പ്രധാന ഘടകം ചികിത്സയാണെന്നും ചികിത്സയെന്നാൽ പ്രധാനമായും അലോപ്പതിയാണെന്നും ബഹുഭൂരിപക്ഷവും വിശ്വസിക്കുന്നുവെന്നതാണ് സർവ്വേയുടെ ഏറ്റവും വ്യക്തമായ നിഗമനം. സർവ്വേയിൽ അവതരിപ്പിച്ച 16 രോഗങ്ങളിൽ 14നും ഏറ്റവുമധികം പേർ ആശ്രയിക്കുന്നത് ഈ പാശ്ചാത്യ ചികിത്സാരീതിയെയാണ്. അസ്ഥിസന്ധികളിലെ വേദനക്കും ദഹനക്കേടിനും മാത്രമാണ് അലോപ്പതിയേക്കാൾ ആയുർവേദത്തെ ആശ്രയിക്കുന്നത്. ജലദോഷം, പനി, തലവേദന തുടങ്ങി അലോപ്പതിയിൽ വ്യക്തമായ യാതൊരു ചികിത്സകളും ഇല്ലാത്ത മഞ്ഞപ്പിത്തം, ചിക്കൻപോക്സ് മുതലായവയ്ക്കുപോലും അതിനെ ആശ്രയിക്കുന്നവരാണ് നമ്മൾ. അർബുദം, ഗർഭാശയരോഗങ്ങൾ(80% വീതം), കണ്ണിലെ അസുഖങ്ങൾ (70%), അസ്ഥികളുടെ ഒടിവ് (90%) മുതലായവയ്ക്ക് അലോപ്പതിയെ ആശ്രയിക്കുന്നതിൽ അത്ഭുതമില്ല.

'ആധുനിക' ചികിത്സാ സമ്പ്രദായങ്ങളുടെ ഗുണദോഷങ്ങളെപ്പറ്റി നല്ല ധാരണയുള്ളവരാണ് സർവ്വേയിൽ പങ്കെടുത്തവരിൽ വലിയൊരു പങ്കും. ഈ ചികിത്സ ചിലവേറിയതാണ്, ചൂഷണസാദ്ധ്യത കൂടിയതാണ്. അപകടം ഉള്ളതാണ്, ഗുണനിലവാരമില്ലാത്ത മരുന്നുകൾ വ്യാപകമാണ് എന്നെല്ലാമവർക്കറിയാം. വൻകെട്ടിടങ്ങളും യന്ത്രസംവിധാനങ്ങളും ചികിത്സയുടെ ഗുണനിലവാരമുയർത്തുന്നില്ലെന്ന് 84% പേരും കരുതുന്നുണ്ടെങ്കിലും ആധുനിക യന്ത്രസംവിധാനങ്ങളിലൂടെ ചികിത്സാനിർണ്ണയം നടത്തിയാൽ കൂടുതൽ കൃത്യതയുണ്ടാകുമെന്ന് തന്നെ 90%ത്തിലധികം പേരും കരുതുന്നു. ഒരു പക്ഷേ, ഇതുതന്നെയായിരിക്കണം, ഈ ചികിത്സാവിധിക്കു പിന്നാലെ പോകാൻ സംശയാലുവായ മദ്ധ്യവർഗ്ഗ മലയാളിയെ പ്രേരിപ്പിക്കുന്നത്.

ആന്റിബയോട്ടിക്കുകൾ ദീർഘകാല ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്നുവെന്ന് 80% പേരും ബോധപൂർവ്വം ആന്റിബയോട്ടിക്കുകൾ വ്യാപിപ്പിക്കുന്നുവെന്ന് 74%പേരും മരുന്നുകമ്പനികൾ ഡോക്ടർമാരെ സ്വാധീനിക്കുന്നുവെന്ന് 75% പേരും കരുതുന്നുണ്ടത്രെ. എന്നാലും ഡോക്ടർ കുറിച്ച മരുന്ന് യാതൊരു താരതമ്യവും നടത്താതെ (വിലയിലും ഗുണത്തിലും) വാങ്ങിക്കഴിക്കുന്നവരാണ് 85%പേരും. ജനറിക്ക് നാമത്തിലും ബ്രാന്റ് നാമത്തിലും ഇറങ്ങുന്ന ഒരേ മരുന്നുകൾക്ക് വൻവിലവ്യത്യാസമുണ്ടെന്ന് 35%പേർക്കേ അറിയൂ. പുതിയ പേറ്റന്റ് നിയമങ്ങൾ വന്നാൽ മരുന്നുവില കൂടുമെന്ന് 66%പേരും അറിഞ്ഞുവച്ചിട്ടുണ്ട്. ഗുണനിലവാരം കുറഞ്ഞതും നിരോധിച്ചതുമായ മരുന്നുകൾ വിപണിയിലുണ്ടെന്ന് 91% പേർക്കും അറിയുകയും ചെയ്യാം. എന്നിട്ടും നാം

തീരുമാനിക്കുന്നു, ചികിത്സ അലോപ്പതി തന്നെ.

## സ്വകാര്യവൽക്കരണം വേണോ?

പൊതു ആരോഗ്യ സ്ഥാപനങ്ങൾ പൂർണമായോ ഭാഗികമായോ പോലും സ്വകാര്യവൽക്കരിക്കപ്പെടുന്നതിനെ 80% പേരും എതിർക്കുന്നതായി കാണുന്നു. 70% പേർ പൊതു സ്ഥാപനങ്ങളെ ഒരിക്കലെങ്കിലും ആശ്രയിച്ചതായും പറയുന്നു. പക്ഷേ, പൊതുസ്ഥാപനങ്ങളുടെ പ്രധാന പ്രശ്നങ്ങളായി കാലതാമസം (30%), ശുചിത്വമില്ലായ്മ (20%), സൗകര്യക്കുറവ്, സേവന നിലവാരം(18% വീതം) എന്നിവയാണെന്ന് ഇവർ അഭിപ്രായപ്പെടുന്നു. പൊതുസ്ഥാപനങ്ങളിൽ ചിലവു കുറവാണെന്ന് 82% പേരും സമ്മതിക്കുമ്പോഴും സ്വകാര്യ ആശുപത്രികളിലെ സേവനനിലവാരം ഉയർന്നതാണെന്ന് 70%വും കരുതുന്നു. സ്വകാര്യ സ്ഥാപനങ്ങളിൽ കടുത്ത ചൂഷണമുണ്ടെന്നും 93% കരുതുന്നു (അവയെ നിയന്ത്രിക്കേണ്ടതാണെന്നും) എന്നാൽ അത്തരം നിയന്ത്രണം സാദ്ധ്യമാണെന്നു പറയുന്നവർ 70% മാത്രമാണ്.

ചുരുക്കത്തിൽ എല്ലാവിധ അപകടസാദ്ധ്യതകളും ഉണ്ടെങ്കിൽക്കൂടിയും 'മറ്റൊരു വഴിയില്ലാത്തതിനാൽ' സ്വകാര്യ അലോപ്പതിയെത്തന്നെ ശരണം പ്രാപിക്കുന്നുവെന്ന് ഇവർ സമ്മതിക്കുന്നു. സാമൂഹ്യ സുരക്ഷാസേവന മേഖലകളിൽ നിന്നു പിൻവാങ്ങുകയെന്ന സർക്കാർ നയത്തെ തത്വത്തിൽ എതിർക്കുകയും പ്രയോഗത്തിൽ സാധൂകരിക്കുകയും ചെയ്യുകയെന്ന മദ്ധ്യവർഗ്ഗമലയാളിയുടെ പല വൈരുദ്ധ്യാത്മകസ്വഭാവങ്ങളിൽ ഒന്നാണ് ഇതും.

### മറ്റു വഴികൾ

നമ്മുടെ തനതായതും ലോകപ്രസിദ്ധമായതുമായ ആയുർവേദചികിത്സാരീതിയെ കാൽപ്പനികതയുടെ ഭാഗമായി സ്വീകരിക്കുന്ന വലിയൊരു പങ്കു പേരും ആയുർവേദത്തിൽ ഏറെ താൽപ്പര്യമുണ്ടെന്ന് 90% പേരും പറയുന്നത് വെറും മദ്ധ്യവർഗ്ഗമോഹമായി മാത്രമേ നമുക്കു കാണാനാകൂ. പ്രയോഗത്തിൽ മറ്റൊരു വിധമാണ്. ആയുർവേദത്തിൽ ചികിത്സയുള്ള മഞ്ഞപ്പിത്തം, ചിക്കൻപോക്സ് മുതലായ രോഗങ്ങൾക്കു പോലും അലോപ്പതിയാണ് ആശ്രയം. എന്തുകൊണ്ട് ആയുർവേദം എന്ന ചോദ്യത്തിന് അത് പ്രാദേശികമായി അനുയോജ്യമാണെന്നും സമഗ്രസമീപനമാണതിനുള്ളതെന്നും രോഗത്തെ പൂർണ്ണമായി മാറ്റുന്നുവെന്നും കുറച്ചുപേർ കാരണമായി പറയുന്നുണ്ട്. എന്നാൽ അപകടം കുറവായതിനാൽ എന്നാണ് 50% പേരും കരുതുന്നത്.

എന്തുകൊണ്ട് ആയുർവേദചികിത്സ സ്വീകരിക്കുന്നില്ലെന്നതിനു കാരണമായി

## ഹൃദ്രോഗമെന്ന പേടിസ്വപ്നം

35 വയസ്സിനു മേൽ പ്രായമുള്ള ഒരാൾക്ക് ഇടനെഞ്ചിൽ വേദന വന്നാൽ ഏതു ചികിത്സ സ്വീകരിക്കുന്നുവെന്ന ചോദ്യത്തിന് 92 ശതമാനം പേരും അലോപ്പതിയെന്നുതന്നെ ഉത്തരം പറഞ്ഞു. ഹൃദ്രോഗത്തെ മലയാളി എത്രമാത്രം പ്രതീക്ഷിക്കുന്നുവെന്നും ഭയക്കുന്നുവെന്നും വ്യക്തമാണ്.


# NATURAL HOSPITAL, PULAMANTHOLE

(പ്രകൃതി ചികിത്സാശുപത്രി)Ph: 0493 - 367556

സ്ഥിരമായി മരുന്നുകൾ കഴിക്കേണ്ടിവരുന്ന രോഗികൾ, ശസ്ത്രക്രിയ വേണമെന്ന് നിർദ്ദേശിക്കപ്പെടുന്ന രോഗികൾ, മരുന്നുകൾ കഴിച്ചിട്ടും സുഖം പ്രാപിക്കാത്ത രോഗികൾ, മറ്റു വൈദ്യശാസ്ത്രങ്ങൾക്ക് കീഴടങ്ങാത്ത രോഗങ്ങൾ ഉള്ളവർ, മാനസിക സംഘർഷം കൊണ്ട് ജീവിതം വഴിമുട്ടിയവർ തുടങ്ങി കഷ്ടത അനുഭവിച്ചുകൊണ്ടിരുന്ന നിരവധി പേർക്ക് രോഗശാന്തിയും പൂർണ്ണാരോഗ്യവും തിരിച്ചു നൽകിയ ഒരു ആധുനിക വൈദ്യശാസ്ത്ര ശാഖയാണ് പ്രകൃതി ചികിത്സ

പ്രകൃതി ചികിത്സാശുപത്രിയിൽ കിടത്തി ചികിത്സിച്ച് ഭേദപ്പെടുത്താൻ വേണ്ട ഏകദേശ കാലം

| 14 ദിവസം | 21 ദിവസം | 28 ദിവസം |
|---|---|---|
| പ്രമേഹം | നടുവേദന | വാതരോഗങ്ങൾ |
| പ്രഷർ | എല്ലുതേയ്മാനം | സ്ത്രീ രോഗങ്ങൾ |
| ഗ്യാസ്ട്രബിൾ | ഹൃദ്രോഗം(ഹാർട്ട് അറ്റാക്ക്) | ആസ്ത്മ |
| മലബന്ധം | അൾസർ | തുമ്മൽ |
| കുടൽ രോഗങ്ങൾ | മൂലക്കുരു | അലർജി |
| അമിതവണ്ണം | രക്തക്കുറവ് | വൃക്കരോഗങ്ങൾ |
| ശരീരമാകെ വേദന | ഉറക്കമില്ലായ്മ | ട്യൂമർ |
| തരിപ്പ് | മഞ്ഞപ്പിത്തം | മുഴകൾ |
| കടച്ചിൽ | ടൈഫോയ്ഡ് | മൂത്രത്തിൽ കല്ല് |
| | വിട്ടുമാറാത്ത പനി | വെരിക്കോസ്(ഞരമ്പു കുറുകൽ) |
| | മെലിച്ചിൽ | |

മരുന്നുകൾ വേണ്ടാത്ത ഒരു പുതിയ ജീവിതത്തിലേക്ക് ഏവർക്കും സ്വാഗതം

## പ്രിയം കുടുംബഡോക്ടർ !

അസ്വസ്ഥത തോന്നിയാൽ നേരിട്ട് ഒരു സ്പെഷലിസ്റ്റ് ഡോക്ടറെക്കാണുമോയെന്നു ചോദിച്ചപ്പോൾ 80%പേർ ഇല്ലായെന്നു മറുപടി പറഞ്ഞു. എന്നാൽ ഈ രംഗത്തുള്ള അനുഭവം മറ്റൊരു കഥയാണ് പറയുന്നത്. അതുകൊണ്ടുതന്നെ ഈ കണ്ടെത്തൽ വിശ്വസനീയമല്ല. സ്പെഷലിസ്റ്റ് സങ്കൽപ്പത്തിനു ബദലായി കുടുംബഡോക്ടർ എന്ന സമീപനത്തെ 50 ശതമാനം പേർ അനുകൂലിക്കുന്നുണ്ട്.

പത്ഥ്യങ്ങൾ വേണം, ചിലവു കൂടും, ആധുനികമല്ല എന്നു പറഞ്ഞവരും കുറച്ചുപേരുണ്ട്. വൃദ്ധർക്കാണ് ആയുർവേദം ഏറ്റവും അനുയോജ്യമെന്നും സർവ്വേ പറയുന്നു.

ഹോമിയോയെ ആശ്രയിക്കുന്നത് കുട്ടികളുടെ രോഗങ്ങൾക്കാണ്. 30% പേരും ഇങ്ങനെ കരുതുന്നു. മറ്റെല്ലാ വിഭാഗങ്ങളിൽപ്പെട്ടവർക്ക് ഹോമിയോ സ്വീകാര്യമാണെന്നു കരുതുന്നവർ വെറും 2-3% പേർ മാത്രം. ചിക്കൻപോക്സിനും മഞ്ഞപ്പിത്തത്തിനും ഈസ്നോഫീലിയ/ആസ്ത്മ, മൂലക്കുരു തുടങ്ങിയ രോഗങ്ങൾക്കും ഈ ചികിത്സ ഏറെ ഫലപ്രദമാണെന്ന് അറിയാത്തവരാണോ സർവ്വേയിൽ പങ്കെടുത്തവർ?

വ്യവസ്ഥാപിതങ്ങളെന്നു പറയാവുന്ന ഈ മൂന്നു ചികിത്സാരീതികൾക്കു പുറത്ത് റെയ്ക്കി, യുനാനി ചികിത്സകൾ തുടങ്ങിയ മറ്റു രീതികളെ ആശ്രയിക്കുന്നവർ ഒന്നോ രണ്ടോ പേർ മാത്രം. അക്യുപങ്ങ്ചറിനെ ആശ്രയിക്കുന്നവർ ഇല്ലെന്നും കാണുന്നു.

ആഗോളവൽക്കരണത്തിനും അതിന്റെ ഉൽപ്പന്നങ്ങളും വികസന സമീപനങ്ങളുമുള്ള 'ആധുനിക ചികിത്സാ രീതികൾ'ക്കും ബദൽ എന്തെന്ന അന്വേഷണം മലയാളി ഇനിയും ഗൗരവമായി ആരംഭിച്ചിട്ടില്ല. പ്രകൃതിചികിത്സയോടുള്ള സമീപനം ഇത് വളരെ വ്യക്തമായി കാണിക്കുന്നു. ഒന്നോ രണ്ടോ പേരാണ് പല രോഗങ്ങൾക്കും പ്രകൃതിചികിത്സയെ ആശ്രയിക്കുന്നുവെന്ന് പറഞ്ഞത്. പ്രകൃതിചികിത്സ നല്ലതാണെന്നതിനു കാരണമായി പലരും പറഞ്ഞത് അത് അപകടമില്ലാത്തതാണ്, നാടിനു ചേർന്നതാണ് എന്നാണ്. പക്ഷേ, ഇവരൊന്നും രോഗം വരുമ്പോൾ പ്രകൃതിചികിത്സയെ ആശ്രയിക്കുന്നില്ല. ഈ ചികിത്സ ശാസ്ത്രീയമാണെന്നു ബോധ്യപ്പെടാത്തതിനാലും സമയവും ചെലവും കൂടുമെന്നതിനാലും അതിനെ ആശ്രയിക്കാത്തവരുണ്ട്. ജീവിതത്തിൽ പലതും നേടാൻ വേണ്ടി ജോത്സ്യരേയും (ആൾ)ദൈവങ്ങളേയും ലോട്ടോ ഭാഗ്യക്കുറിയേയും ആശ്രയിക്കുന്നതിൽ ഒരു മടിയുമില്ലാത്തവരാണ് പ്രകൃതിചികിത്സയുടെ 'ശാസ്ത്രീയത'യെപ്പറ്റി വേവലാതിപ്പെടുന്നതെന്നു കൂടി ഓർക്കാം.

ഇതു പറയുമ്പോഴും സ്വയം ചികിത്സ ചെയ്യുന്ന ചെറുതല്ലാത്ത ഒരു ന്യൂനപക്ഷമുണ്ടെന്ന കാര്യവും ശ്രദ്ധേയമാണ്. ജലദോഷം, തലവേദന, ദഹനക്കേട്, ഛർദ്ദി, അതിസാരം തുടങ്ങിയ രോഗങ്ങൾക്ക് 10-12%ത്തിലധികം പേർ സ്വയം ചികിത്സ ചെയ്യുന്നുണ്ട്. ജലദോഷത്തിനും മാനസികാസ്വസ്ഥ്യങ്ങൾക്കും ഒരു ചികിത്സയും ചെയ്യാത്തവരും ഏതാണ്ടിത്രതന്നെ വരും.

അലോപ്പതിയോട് വ്യക്തമായ പക്ഷപാതിത്വം പുലർത്തുമ്പോഴും (വ്യത്യസ്ത രോഗങ്ങൾക്കാണെങ്കിലും) ഒരാളും ഒരൊറ്റ ചികിത്സാവിധിയെ മാത്രം ആശ്രയിക്കുന്നില്ലെന്നതും കാണാം. ഇവിടേയും മദ്ധ്യവർഗ്ഗ മനസ്സിന്റെ പ്രവർത്തനം തന്നെയാണ് കാണുന്നത്. ഒരേ രോഗത്തിന് ഒരേ സമയം വ്യത്യസ്ത ചികിത്സാ രീതികൾ അവലംബിക്കുന്നവരുമുണ്ട്. 'ഏതാ ശരിയാവുക എന്നറിയാത്തതിനാൽ എല്ലാത്തിനും ശ്രമിക്കുക'യെന്നതാണിവരുടെ നിലപാടെന്നു തോന്നുന്നു.

## അലോപ്പതി പ്രശ്നം, പക്ഷെ...

ആരോഗ്യസംരക്ഷണത്തിന് ആവശ്യമായ പ്രധാന ഘടകങ്ങളേത് എന്നതിനോടുള്ള പ്രതികരണത്തിൽ 7 % പേർ മാത്രമാണ് ആധുനിക ചികിത്സാസൗകര്യലഭ്യതയുള്ളത് എന്നു പറയുമ്പോഴും അതൊന്നും മാറ്റാൻ ശ്രമിക്കാതെ ആധുനികചികിത്സാ രീതിയെത്തന്നെ ആശ്രയിക്കുന്നവരാണ് ബഹുഭൂരിപക്ഷവും എന്നതും മലയാളിയുടെ മദ്ധ്യവർഗ്ഗ നിലപാടുകളെ സൂചിപ്പിക്കുന്നു.

**കേരളത്തിലെ ജനസംഖ്യയുടെ വലുപ്പവും വൈവിദ്ധ്യവും കണക്കിലെടുത്താൽ ഈ സർവ്വേയുടെ 'സാംപിൾ'വളരെ ചെറുതും അതുകൊണ്ടുതന്നെ അപര്യാപ്തവുമാണെന്നും വ്യക്തമാണ്. എങ്കിലും ഈ സർവ്വേ ഫലങ്ങൾ നൽകുന്ന സൂചനകൾ സമൂഹത്തിലെ പൊതുധാരണകളിൽ നിന്നും വ്യത്യസ്തമല്ലെന്നു മറ്റനുഭവങ്ങളിൽക്കൂടി ബോദ്ധ്യപ്പെട്ടതാണ്. അതിനെ സാധൂകരിക്കുന്ന ഒന്നെന്ന നിലയിലും ഇത്തരത്തിലുള്ള ആദ്യത്തെ ശ്രമമെന്ന നിലയിലും ഇതിലെ നിഗമനങ്ങൾ പാടെ ഉപേക്ഷിക്കപ്പെടേണ്ടതല്ലെന്നാണ് തോന്നുന്നത്. ഇതൊരു തുടക്കം മാത്രമാണ്. കൂടുതൽ വ്യത്യസ്തതയോടേയും വ്യാപകമായും ഇതു തുടരാൻ കേരളീയം ഉദ്ദേശിക്കുന്നുണ്ട്. മറ്റു പലർക്കും ഇത്തരം ശ്രമങ്ങൾ നടത്താനും ഇതു പ്രേരകമാകും എന്നും ഞങ്ങൾ കരുതുന്നു.**

തയ്യാറാക്കിയത് :
സി.ആർ.നീലകണ്ഠൻ നമ്പൂതിരി
*മണൽ, കൊച്ചി-21*